**FROM THE APOSTOLIC SEE OF MALANKARA**
**METROPOLITAN DR. JOSEPH MAR THOMA**

**Circular No. 241**

*Blessings of our Lord Jesus Christ be with the Vicars, Office-Bearers of Parishes, Clergy and the believers in our Church*

Beloved in Christ,

Our Church and the Institutions and Parishes have been totally exempted from income tax according to Section 10(23c)(v) of the Income Tax Act. This exemption was given to the Church with clear and definite instructions. This circular is to specifically remind all the Parishes and Institutions availing the benefits of Income Tax Exemption that they are responsible to submit their accounts duly audited by a Chartered Accountant and to submit the Income Tax Return through Sabha every year. Therefore, the instructions given below should be strictly adhered to:

1. Those Parishes/Institutions who are availing the Sabha's PAN/TAN at present should follow strictly the instructions given in this Kalpana and the directions and instructions given by the Sabha Office. When handling matters related to TDS (Tax Deduction at Source) Parishes/Institutions may please refer to Circular No. 95, for matters to be considered carefully.

2. All our Parishes and the Institutions have to finalize their audited accounts on or before May 31st every year. Parishes/Institutions have to pass the accounts in the respective General Body meetings before the date shown above.

3. Sabha Office keeps the records of the Parishes/Institutions who have collected the PAN/TAN of the Sabha from Sabha Office. It is again reminded that it is unlawful to use the PAN/TAN of the Sabha without the knowledge and approval from the Sabha Office. Those Parishes/Institutions who are using PAN/TAN of the Sabha now without the permission of Sabha Office have to report it at the earliest without fail. If the official organizations of the parish viz, Youth League, Edavaka Mission, Sunday School, Sevika Sanghom, Prayer Groups etc., are using the PAN/TAN of Sabha for Banking and other financial services, then they have to get separate approval from Sabha Office.

4. The Receipts and Payments account, the Income and Expenditure account, the Balance Sheet and the Audit report in Form 10BB prepared by Chartered Accountant from each Parish should be submitted to the respective Diocesan office on or before June 30, and the Diocese should prepare the consolidated statement of all Parishes and should submit the same to the Sabha Office on or before July 31. A copy of the accounts received for consolidation, 10BB Audit Report, and list of the Parishes should be submitted to the Sabha Office by the Diocesan Office. The Diocesan Secretaries should take the responsibility for the consolidation of accounts under the guidance of the Diocesan Episcopa.

5. Those official organizations of parish who are availing the PAN/TAN of Sabha should also integrate their accounts with the parish accounts while submitting for the auditing by the Chartered Accountant.

6. It is desirous that such Parishes having low income and less membership to audit their accounts by a Chartered Accountant under the supervision of the respective Diocese.

[P.T.O.]

7. If Parishes/Institutions outside Kerala are registered according to the rules of the particular State, those Parishes and Institutions should administer their financial transactions by using their PAN/TAN etc in full compliance of their Income Tax regulations. But if they are not registered as per the State statutes the above 3, 4 & 6 paragraphs are binding.

This is to remind you that it is absolutely necessary to adhere strictly to these instructions in order that our Church would be exempted totally from Income Tax in future also. The Sabha Office shall not be responsible for the actions of Parishes/Institutions who have not strictly adhered with the above instructions.

Beloved, let me remind you that we all are bound by the laws of our country and keeping this in mind let us do our duties towards the Sabha and the society. Let our transactions be transparent, honest, and acceptable to the Lord.

Grace be with you all.

Dated 11th December 2015 from Poolatheen, Tiruvalla,

**Dr. Joseph Mar Thoma Metropolitan**

# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ: 241

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയേയും സഭയുടെ സ്ഥാപനങ്ങളെയും ഇടവകകളെയും ആദായ നികുതി നിയമം വകുപ്പ് 10 (23c)(v) പ്രകാരം ആദായ നികുതിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുള്ളതാണ്. വ്യക്തമായ നിബന്ധനകളോടെയും നിർദ്ദേശങ്ങളോടെയുമാണ് ഇത് സഭയ്ക്ക് നൽകിയിരിക്കുന്നത്. സഭയ്ക്ക് ലഭിച്ചിരിക്കുന്ന ആദായ നികുതിയൊഴിവിന്റെ പ്രയോജനം അനുഭവിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഇടവകകളും എല്ലാ വർഷവും അവരുടെ കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് മുഖേന ഓഡിറ്റിംഗ് നിർവ്വഹിച്ച് സഭയിലൂടെ ആദായ നികുതി റിട്ടേൺ (ഇൻകം ടാക്സ് റിട്ടേൺ) നൽകേണ്ട ഉത്തരവാദിത്തം ഉണ്ടെന്ന് പ്രത്യേകം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ആയതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

1. സഭയുടെ PAN/TAN ഉപയോഗിക്കുന്ന ഇടവകകൾ/ സ്ഥാപനങ്ങൾ ഈ കല്പനയിലെ നിർദ്ദേശങ്ങളും സഭാ ഓഫീസിൽ നിന്ന് അവർക്ക് ലഭിക്കുന്ന നിർദ്ദേശങ്ങളും നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്. TDS (Tax Deduction at Source) സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഇടവകകളും / സ്ഥാപനങ്ങളും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ നമ്മുടെ 95-ാം നമ്പർ സർക്കുലറിൽ പറഞ്ഞിട്ടുള്ളത് ഓർക്കുമല്ലോ.

2. നമ്മുടെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും മെയ് മാസം 31-ാം തീയതിക്കകം അവരുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് പൂർത്തീകരിക്കേണ്ടതാണ്. ഇടവകകൾ/ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ തീയതിക്കകം ഇടവക സംഘം/സ്ഥാപനങ്ങളുടെ പൊതുയോഗം എന്നിവ കൂടി കണക്കുകൾ പാസ്സാക്കേണ്ടതാണ്.

3. സഭാ ഓഫീസിൽ നിന്നും പാൻ/ ടാൻ എന്നിവ കൈപ്പറ്റിയിട്ടുള്ള ഇടവകകളുടെയും സംഘടനകളുടെയും പട്ടിക സഭാ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. സഭാ ഓഫീസിന്റെ അറിവും അംഗീകാരവും ഇല്ലാതെ സഭയുടെ പാൻ/ടാൻ എന്നിവ ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇടവകകളിലെ അംഗീകൃത സംഘടനകൾ സഭയുടെ പാൻ/ടാൻ എന്നിവ ബാങ്കിംഗ്, ഇതരസാമ്പത്തിക സേവനങ്ങൾക്ക് ഉപയോഗിക്കുന്ന പക്ഷം സഭാ ഓഫീസിൽ നിന്ന് അനുവാദം വാങ്ങേണ്ടതാണ്.

4. ഓരോ ഇടവകകളിൽ നിന്നുമുള്ള വരവ് ചെലവ് തെരട്ട് (Receipts & Payments Account), വരുമാനങ്ങളും ചെലവുകളും കാണിക്കുന്ന കണക്കുകൾ (Income & Expenditure Account), ബാലൻസ് ഷീറ്റ്, ചാർട്ടേർഡ് അക്കൗണ്ടന്റ് തയ്യാറാക്കി നൽകുന്ന 10 BB ഓഡിറ്റ് റിപ്പോർട്ട് എന്നിവ ജൂൺ 30-നകം അതാത് ഭദ്രാസന ആഫീസിൽ എത്തിക്കുകയും, ഭദ്രാസനം അവയെല്ലാം ഏകീകരിച്ച് പ്രത്യേകം തയ്യാറാക്കുന്ന കണക്കുകൾ (കൺസോളിഡേറ്റഡ് സ്റ്റേറ്റ്മെന്റ്സ്) ജൂലൈ 31-നകം സഭാ ഓഫീസിൽ എത്തിക്കുകയും വേണം. ഏകീകരണത്തിനായി ലഭിച്ച കണക്കുകളുടെ കോപ്പി, 10 BB ഓഡിറ്റ് റിപ്പോർട്ട്, ഇടവകകളുടെ ലിസ്റ്റ് എന്നിവയും സഭാ ഓഫീസിൽ നൽകേണ്ടതാണ്. ഓരോ ഭദ്രാസനത്തിലേയും എപ്പിസ്കോപ്പാമാരുടെ മേൽനോട്ടത്തിൽ ഭദ്രാസന സെക്രട്ടറിമാർ ഏകീകരണത്തിന് (consolidation) ആവശ്യമായ മുൻകൈയെടുക്കേണ്ടതാണ്.

5. സഭയുടെ പാൻ/ടാൻ എന്നിവ ഉപയോഗിക്കുന്ന ഇടവകകളിലെ അംഗീകൃത സംഘടനകളും കണക്കുകൾ ഇടവകയുടെ കണക്കുകൾക്കൊപ്പം ചേർത്ത് ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റിംഗിന് നൽകേണ്ടതാണ്.

[മറുപുറം]

6. വളരെ താഴ്ന്ന അംഗസംഖ്യയുള്ളതും വരുമാനം കുറവുള്ളതുമായ ഇടവകകളുടെ കണക്കുകൾ ഭദ്രാസനത്തിന്റെ മേൽനോട്ടത്തിൽ തന്നെ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുന്നത് അഭികാമ്യമായിരിക്കും.

7. കേരളത്തിനു വെളിയിലുള്ള ഏതെങ്കിലും ഇടവകയോ സ്ഥാപനങ്ങളോ അതാത് സ്റ്റേറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിൽ അത്തരം ഇടവകകളും സ്ഥാപനങ്ങളും അവരുടേതായ പാൻ, ടാൻ തുടങ്ങിയവ ഉപയോഗിച്ച് ആദായനികുതി നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഇടപാടുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ സ്റ്റേറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ മേൽപ്പറഞ്ഞ 4,5,6 ഖണ്ഡികകൾ ബാധകമാണ്.

ആദായ നികുതി പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് നമ്മുടെ സഭയ്ക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന ഉത്തരവ് നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ ഈ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതാണെന്ന് പ്രത്യേകം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത ഇടവകകളുടേയും സ്ഥാപനങ്ങളുടേയും നടപടികളിന്മേൽ സഭാ ഓഫീസിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

പ്രിയരേ, നാമെല്ലാവരും നമ്മുടെ രാജ്യത്തിന്റെ നിയമങ്ങൾക്ക് വിധേയപ്പെട്ടിരിക്കുന്നുവെന്ന ഓർമ്മയോടുംകൂടി സഭയിലും സമൂഹത്തിലും നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാൻ ഇടയാകട്ടെ. നമ്മുടെ ഉത്തരവാദിത്തങ്ങൾ സുതാര്യവും വിശ്വസ്തവും കർത്താവിന് സ്വീകാര്യവും ആയിരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2015 ഡിസംബർ 11–ാം തീയതി,

J. mmalabar.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ